# ശബരിമല; ഐ&പിആർഡി മീഡിയ സെൻ്റർ സന്നിധാനം
# 14.01.2026

## ഭക്തരുടെ മനം കവർന്ന് സന്നിധാനത്ത് തിരുവിഴ ജയശങ്കറിൻ്റെ നാഗസ്വര കച്ചേരി

മകരവിളക്ക് ദർശനത്തിനെത്തിയ തീർഥാടകരുടെ മനസിൽ ഭക്തിഗാനസുധയായി ഹരിവരാസനം പുരസ്കാര ജേതാവ് നാഗസ്വര കലാകാരൻ തിരുവിഴ ജയശങ്കറുടെ കച്ചേരി. ശരണം വിളിയിൽ മുഖരിതമായ അന്തരീക്ഷത്തിൽ ശ്രീ വിനായകം, മഹാദേവ ശിവ ശംഭോ, ശബരിമലയിൽ തങ്ക സൂര്യോദയം ഉൾപ്പെടെ നിരവധി പ്രശസ്ത ഭക്തിഗാനങ്ങളാണ് ശബരിമല സന്നിധാനം ഓഡിറ്റോറിയത്തിൽ നടന്ന നാഗസ്വര കച്ചേരി ജയശങ്കർ അവതരിപ്പിച്ചത്. ഈ വർഷത്തെ ഹരിവരാസനം പുരസ്കാര ജേതാവാണ് തിരുവിഴ ജയശങ്കർ.
കച്ചേരിയിൽ ദേവസ്വം ബോർഡ് ജീവനക്കാരായ ഹരിപ്പാട് മുരുകൻ, കോട്ടയം അഖിൽ എന്നിവർ നാഗസ്വരത്തിൽ പിന്തുണ നൽകി. തവിൽ ചെങ്ങളം അരുൺകുമാർ, താളം മണ്ണാറശാല കണ്ണൻ .

## ഹരിവരാസനം പുരസ്കാരം തിരുവിഴ ജയശങ്കറിന് മന്ത്രി വി എൻ വാസവൻ സമ്മാനിച്ചു

ഈ വർഷത്തെ ഹരിവരാസനം പുരസ്കാരം നാഗസ്വര വിദ്വാൻ തിരുവിഴ ജയശങ്കറിന് ശബരിമല സന്നിധാനം ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ തുറമുഖ- സഹകരണ- ദേവസ്വം വകുപ്പ് മന്ത്രി വി എൻ വാസവൻ സമ്മാനിച്ചു. അർഹമായ കരങ്ങളിലാണ് പുരസ്കാരം എത്തിയതെന്ന് മന്ത്രി പറഞ്ഞു. ആഗോളതലത്തിൽ അറിയപ്പെടുന്ന വ്യക്തിത്വമാണ് തിരുവിഴ ജയശങ്കറിന്റേത്. പ്രതിഭാശാലിയായ കലാകാരനായ തിരുവിഴ ജയശങ്കർ നാഗസ്വരത്തെ ആഗോളതലത്തിൽ പ്രശസ്തിയിലേക്ക് ഉയർത്തി. നാഗസ്വരം ജനകീയമാക്കിയതുൾപ്പെടെ പ്രശസ്തമായ നിരവധി അയ്യപ്പഭക്തിഗാനങ്ങൾ നാഗസ്വരത്തിലൂടെ ജനമനസിലെത്തിച്ചു.

ജനലക്ഷങ്ങളുടെ ഹൃദയത്തിൽ ജീവിക്കുന്ന പ്രതിഭയാണ് തിരുവിഴ ജയശങ്കറെന്നും മന്ത്രി സൂചിപ്പിച്ചു.
ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും അയ്യപ്പ വിഗ്രഹവും തിരുവിഴ ജയശങ്കറിന് മന്ത്രി സമ്മാനിച്ചു. നാഗസ്വരത്തിനായി ജീവിതം സമർപ്പിച്ച വ്യക്തിയാണ് തിരുവിഴ ജയശങ്കറെന്ന് അധ്യക്ഷൻ പ്രമോദ് നാരായൺ എംഎൽഎ പറഞ്ഞു. പരാതികളില്ലാത്ത തീർത്ഥാടനകാലമായിരുന്നുവെന്ന് കെ യു ജനീഷ് കുമാർ എംഎൽഎ അഭിപ്രായപ്പെട്ടു. റവന്യു (ദേവസ്വം) വകുപ്പ് സെക്രട്ടറി എം ജി രാജമാണിക്യം പ്രശസ്തിപ്രത്രം വായിച്ചു. തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗങ്ങളായ കെ രാജു, പി ഡി സന്തോഷ് കുമാർ, ശബരിമല എഡിഎം അരുൺ എസ് നായർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ ബി സുനിൽ കുമാർ എന്നിവർ പങ്കെടുത്തു. പുരസ്കാര ജേതാവ് തിരുവിഴ ജയശങ്കർ മറുപടി പ്രസംഗം നടത്തി .

ഹരിവരാസനം പുരസ്കാരം ജീവിതത്തിലെ ഏറ്റവും വലിയ അംഗീകാരം: തിരുവിഴ ജയശങ്കർ

ഹരിവരാസനം പുരസ്കാരം ലഭിച്ച പുണ്യനിമിഷം ജീവിതത്തിൽ ഒരിക്കലും മറക്കാനാവില്ലെന്ന് നാഗസ്വര കലാകാരൻ തിരുവിഴ ജയശങ്കർ. ദേവസ്വം വകുപ്പ് മന്ത്രി വി. എൻ വാസവനിൽ നിന്നും ഹരിവരാസനം പുരസ്കാരം ശബരിമല സന്നിധാനം ഓഡിറ്റോറിയത്തിൽ ഏറ്റുവാങ്ങി മറുപടി പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. 12−ാം വയസിൽ നാഗസ്വര വായന ആരംഭിച്ചു, 90−ാം വയസിലും അർപ്പണ ബോധത്തോടെ വായന തുടരുന്നു. കലാജീവിതത്തിൽ നിരവധി അവാർഡ് ലഭിച്ചെങ്കിലും ഹരിവരാസനം പുരസ്കാരം അതിലുമേറെ വിലമതിക്കുന്നതാണെന്ന് അദ്ദേഹം പറഞ്ഞു.
ജീവിതത്തിൽ ഇതിൽ കൂടുതലായി ഒന്നും നേടാനില്ല. നവതിയിൽ പുരസ്കാരം ലഭിച്ചത് അതീവ സന്തോഷവാനാക്കി. മനസിൽ ഉൾകൊണ്ട് ഓരോ കീർത്തനം വായിക്കുന്നതിനാൽ സംഗീതത്തിന്റെ ഭാവം ആസ്വാദകർക്ക് അനുഭവിക്കാൻ കഴിയുന്നുണ്ട്. സ്വയം ആസ്വദിച്ചാണ് ഓരോ കീർത്തനവും അവതരിപ്പിക്കുന്നത്. സംഗീതത്തിന് ലഭിക്കുന്ന അംഗീകാരം അതിന്റെ ഭാവാത്മകത

കൊണ്ടാണെന്നും അദ്ദേഹം പറഞ്ഞു. മുൻ രാഷ്ട്രപതി എ. പി. ജെ. അബ്ദുൽ കലാമിൽ നിന്ന് ലഭിച്ച അനുമോദനം ജീവിതത്തിലെ മറക്കാനാവാത്ത അനുഭവമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

**ആയിരങ്ങൾക്ക് ദർശനപുണ്യമായി പൊന്നമ്പലമേട്ടിൽ മകരവിളക്ക്**

മകരസംക്രമ സന്ധ്യയിൽ ആയിരക്കണക്കിന് ഭക്തർക്കു ദർശനപുണ്യമേകി മകരവിളക്ക്. കൂപ്പുകൈകളുമായി ശരണംവിളികളോടെ നിന്ന ഭക്തജനങ്ങൾക്ക് മുന്നിൽ വൈകിട്ട് 6.41 ന് മകരജ്യോതി ദൃശ്യമായി. അയ്യപ്പ വിഗ്രഹത്തിൽ തിരുവാഭരണം അണിയിച്ച് ദീപാരാധന നടന്ന അതേ മുഹൂർത്തത്തിലായിരുന്നു ദർശനം. രണ്ട് തവണ കൂടി ജ്യോതി തെളിഞ്ഞതോടെ സന്നിധാനവും പരിസരവും ഭക്തിമയമായി.
പന്തളം വലിയ കോയിക്കൽ കൊട്ടാരത്തിൽ നിന്നാരംഭിച്ച തിരുവാഭരണ ഘോഷയാത്രയെ വൈകിട്ട് 5.50ന് ശരംകുത്തിയിൽ ദേവസ്വം ബോർഡ് അധികൃതരുടെ നേതൃത്വത്തിൽ വരവേറ്റു.
പതിനെട്ടാം പടി വഴി സന്നിധാനത്തെത്തിയ ഘോഷയാത്ര കൊടിമരച്ചുവട്ടിൽ സഹകരണ ദേവസ്വം വകുപ്പ് മന്ത്രി വി.എൻ. വാസവൻ, ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. ജയകുമാർ, എം.എൽ.എമാരായ കെ.യു. ജനീഷ് കുമാർ, പ്രമോദ് നാരായൺ, ജില്ലാ കലക്ടർ എസ്. പ്രേം കൃഷ്ണൻ, ദേവസ്വം ബോർഡ് അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സ്വീകരിച്ചു.
തിരുവാഭരണ പേടകം ബലിക്കൽപുരയിലൂടെ സോപാനത്ത് എത്തിയപ്പോൾ തന്ത്രി കണ്ഠരര് മഹേഷ് മോഹനരും മേൽശാന്തി ഇ.ഡി. പ്രസാദ് നമ്പൂതിരിയും ചേർന്ന് ശ്രീകോവിലിലേക്ക് ഏറ്റുവാങ്ങി. തുടർന്ന് ദീപാരാധനയ്ക്കായി നടയടച്ചു. തിരുവാഭരണം അയ്യപ്പ വിഗ്രഹത്തിൽ ചാർത്തി ദീപാരാധനയ്ക്കൊപ്പം പൊന്നമ്പലമേട്ടിൽ മകരജ്യോതി ദൃശ്യമായി. ഭക്തർക്കായി തിരുവാഭരണം അണിഞ്ഞുള്ള ദർശനവും ആരംഭിച്ചു. ജനുവരി 17 ന് രാത്രിവരെ തിരുവാഭരണം ചാർത്തിയ ഭഗവാനെ തൊഴാം. ജനുവരി 18 ന് രാവിലെ 10 വരെ നെയ്യഭിഷേകമുണ്ടാകും. ജനുവരി 19 രാത്രി വരെ ഭക്തർക്ക് ദർശനം സൗകര്യമുണ്ട്. ജനുവരി 20 ന് രാവിലെ 6.30 ന് നടഅടയ്ക്കും.
ഹൈക്കോടതി നിർദേശപ്രകാരം മകരവിളക്ക് ദിനത്തിൽ വെർച്വൽ ക്യൂവിലൂടെ 30,000 പേർക്കും സ്പോട്ട് ബുക്കിംഗ് വഴി 5,000

പേർക്കുമായിരുന്നു സന്നിധാനത്തേക്ക് പ്രവേശനം. രാവിലെ 10 മുതൽ നിലയ്ക്കലിൽ നിന്ന് പമ്പയിലേക്കും 11 മുതൽ പമ്പയിൽ നിന്ന് സന്നിധാനത്തേക്കും ഭക്തരെ കടത്തിവിട്ടില്ല. കർശനമായ സുരക്ഷാ ക്രമീകരണങ്ങളും പിഴവില്ലാത്ത ഏകോപനവും ശബരിമലയിൽ സുരക്ഷിതമായ മകരജ്യോതി ദർശനം സാധ്യമാക്കി. ദർശനപുണ്യം നേടിയ ആയിരക്കണക്കിന് ഭക്തർ സുരക്ഷിതമായി മലയിറങ്ങി.

ജനുവരി 15 മുതൽ 18 വരെ വെർച്വൽ ക്യൂ വഴി 50,000 പേരെയും സ്പോട്ട് ബുക്കിംഗ് വഴി 5,000 പേരെയും പ്രവേശിപ്പിക്കും. 19ന് വെർച്വൽ ക്യൂ വഴി 30,000 പേരെയും സ്പോട്ട് ബുക്കിംഗ് വഴി 5,000 പേരെയും കടത്തിവിടും.